# സ്നാനം: മുൻവ്യവസ്ഥകളും അനുഗ്രഹങ്ങളും

സ്നാനത്തിനു വ്യത്യസ്തങ്ങളായ പല ഉദ്ദേശങ്ങളും വിശ്വസിക്കേണ്ടതിനു സ്നാനവുമായി ബന്ധപ്പെട്ട അസംഖ്യം സത്യങ്ങൾ പറഞ്ഞിട്ടുണ്ട്. ചോദ്യത്തിലെ പ്രസ്താവനകളിൽ അനേകം വ്യത്യസ്തമായ ഉദ്ദേശങ്ങൾ ഉൾപ്പെടുന്നില്ല, എങ്കിലും നാലെണ്ണം ആ വിധത്തിൽ വരുന്നുണ്ട്:

എ. *മുൻവ്യവസ്ഥകൾ* – പ്രവൃത്തികളും മനോഭാവങ്ങളും ഒരാൾ സ്നാനമേല്ക്കുന്നതിനു ആവശ്യമായ വിഭവങ്ങളും.

ബി. *സ്നാനത്തിൽ അന്വേഷിക്കേണ്ട അനുഗ്രഹങ്ങൾ* – ആഗ്രഹങ്ങൾ വിവിധ രീതികളിലാണ് പറഞ്ഞിട്ടുള്ളതെങ്കിലും, എല്ലാം പാപമോചനവുമായി ബന്ധപ്പെടുത്തി ദൈവവുമായുള്ള തെറ്റായ ബന്ധത്തെ ശരിയാക്കുന്നതിനു വേണ്ടിയാണ്.

സി. *ഒരാളുടെ ജീവിതം മാറ്റൽ* - രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ആളുടെ ഹൃദയപൂർവ്വം അനുസരിക്കുന്നതിന്റെ ഫലം.

ഡി. *രക്ഷിക്കപ്പെടുന്നവർക്കു ലഭ്യമാകുന്ന അനുഗ്രഹങ്ങൾ* – എല്ലാ ഉപകാരവും അല്ലെങ്കിൽ ക്രിസ്തീയ ജീവിതത്തിന്റെ നേട്ടങ്ങളും വരുന്നതു ഒരാൾക്കു പാപങ്ങളിൽ നിന്നു ശുദ്ധീകരണം ലഭിച്ചു ദൈവവുമായി നല്ല ബന്ധത്തിൽ പ്രവേശിക്കുമ്പോഴാണ്.

ഈ വകുപ്പുകളെ നമുക്ക് അടുത്ത് നോക്കാം:

എ. മുൻവ്യവസ്ഥകൾ:

1. യേശുവിനെകുറിച്ചും അവന്റെ ആവശ്യകതകളെയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യൽ (പ്രവൃത്തികൾ 18:8)
2. സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതു പോലെ, യേശു കർത്താവും രക്ഷിതാവും എന്നു വിശ്വസിക്കുക (മർക്കൊസ് 16:16)
3. പാപത്തെ സേവിക്കുന്നതു നിർത്തി യേശുവിനെ സേവിക്കുവാൻ തീരുമാനിക്കുന്നതിനാൽ മാനസാന്തരം (പ്രവൃത്തികൾ 2:38)
4. യേശു കർത്താവാണെന്ന വിശ്വാസം ഏറ്റു പറച്ചൽ (റോമർ 10:10)
5. ധാരാളം വെള്ളം (യോഹന്നാൻ 3:23) അടക്കത്തിനും ഉയിർപ്പിനും ആവശ്യമാണ് (റോമർ 6:4; കൊലൊസ്യർ 2:12)

ബി. സ്നാനത്തിൽ അന്വേഷിക്കേണ്ട അനുഗ്രഹങ്ങൾ:

1. രക്ഷ (മർക്കൊസ് 16:16; 1 പത്രൊസ് 3:21)
2. പാപമോചനവും പാപങ്ങൾ കഴുകി കളയലും (പ്രവൃത്തികൾ 2:38; 22:16; കൊലൊസ്യർ 2:12, 13)
3. യേശുവിന്റെ ശരീരത്തിലേക്കു പ്രവേശിക്കൽ (1 കൊരിന്ത്യർ 12:13)
4. ക്രിസ്തുവിലേക്കു പ്രവേശിക്കൽ (റോമർ 6:3)
5. യേശുവിന്റെ മരണത്തിൽ പ്രവേശിക്കൽ (റോമർ 6:3)

സി. ഒരാളുടെ ജീവിതം മാറ്റൽ:

1. സ്നാനത്തിൽ യേശുവിന്റെ മരണത്തോടു ഏകീഭവിക്കുന്നതിന്റെ ഫലമായി പാപസംബന്ധമായി മരിക്കുന്നു (റോമർ 6:1-4; കൊലൊസ്യർ 3:3)
2. ജീവന്റെ പുതുക്കം (റോമർ 6:4)
3. യേശുവിന്റെ പുതിയ ജീവൻ പോലെ (റോമർ 6:5)
4. പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു (റോമർ 6:6)
5. ശരീരത്തിന്റെ ഇച്ഛകൾ മരിപ്പിച്ചു (റോമർ 6:6)
6. പാപത്തെ സേവിച്ചിരുന്നതു മാറ്റി (റോമർ 6:6, 18)
7. ഒരാളുടെ ജീവിതത്തിൽ പാപത്തിന്റെ ശക്തിയിൽ നിന്നുള്ള മോചനം (റോമർ 6:7, 17, 18)
8. നീതിക്കു ദാസന്മാരാകുക (റോമർ 6:18)
9. യേശുവിനെ ധരിക്കുന്നു (ഗലാത്യർ 3:27)
10. ജഡിക ഇച്ഛകളെ നീക്കം ചെയ്തു, ആത്മിയമായി പരിഛേദനയേറ്റു (കൊലൊസ്യർ 2:11-13)
11. ആത്മിയമായി ജീവനുള്ളവരായി (കൊലൊസ്യർ 2:13)
12. വീണ്ടും ജനിക്കുക (യോഹന്നാൻ 3:3-5)
13. ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു (കൊലൊസ്യർ 3:3)
14. ക്രിസ്തുവിൽ എല്ലാവരും ഒന്നാകുവാൻ (ഗലാത്യർ 3:28)

ഡി. രക്ഷിക്കപ്പെടുന്നവർക്കു ലഭ്യമാകുന്ന അനുഗ്രഹങ്ങൾ:

1. സന്തോഷിക്കൽ (പ്രവൃത്തികൾ 8:39)
2. പരിശുദ്ധാത്മാവു എന്ന ദാനം (പ്രവൃത്തികൾ 2:38; 5:32; ഗലാത്യർ 4:6)
3. പ്രത്യാശ (1 പത്രൊസ് 1:3, 4)
4. ദൈവവുമായ കൂട്ടായ്മ (യോഹന്നാൻ 14:21)
5. മറ്റു ക്രിസ്ത്യാനികളുമായി കൂട്ടായ്മ (പ്രവൃത്തികൾ 2:42, 47)
6. ക്രിസ്തുവിൽ വളരുവാനുള്ള അവസരം (എഫെസ്യർ 4:15)
7. ക്രിസ്ത്യാനികൾക്കു ലഭിക്കാവുന്ന സകല ആത്മിയാനുഗ്രഹങ്ങളും (എഫെസ്യർ 1:3)
8. ദൈവത്തിന്റെ തുടർന്നുള്ള കരുതൽ (എബ്രായർ 13:5)
9. നല്ല മനസ്സാക്ഷി (1 പത്രൊസ് 3:21)

സ്നാനമേല്ക്കുന്നതിനു, സ്നാനത്തിന്റെ മുൻവ്യവസ്ഥകൾ നാം പാലിക്കണം ("എ" ൽ പറഞ്ഞിരിക്കുന്നതെല്ലാം). വിശ്വാസം എന്നു പറഞ്ഞാൽ, ഉയിർത്തെഴുന്നേറ്റ യേശുവിന്റെ രക്തത്തിലുള്ള ആശ്രയ

മാണ്. നമ്മുടെ കഴിഞ്ഞ കാല ജീവിതത്തെ വിട്ടു നമ്മുടെ ജീവിതം യേശുവിൽ സമർപ്പിക്കുവാൻ തീരുമാനിക്കുന്നതാണ് മാനസാന്തരം. നമ്മുടെ പാപങ്ങളിൽ നിന്നു വിടുവിപ്പാൻ കർത്താവിനു കഴിയും എന്നു സമ്മതിച്ചു യേശു ദൈവപുത്രനാണെന്നുള്ള വിശ്വാസം നാം ഏറ്റു പറയണം (റോമർ 10:9, 10).[1]

ഈ മുൻവ്യവസ്ഥകൾ കൂടാതെ, സ്നാനം ലഭിക്കുന്നവർക്കു ഭൗതികമായോ ആത്മികമായോ, മാറ്റം ഉണ്ടാവുകയില്ല.

“സ്നാനത്തിൽ അന്വേഷിക്കേണ്ട അനുഗ്രഹങ്ങൾ” എന്ന (“ബി” യിൽ) വകുപ്പിൽ എല്ലാം പറഞ്ഞിരിക്കുന്നതിൽ പാപമോചനവും ദൈവത്തോടും ക്രിസ്ത്യാനികളോടും ഉള്ള പുതിയ ബന്ധവും ഉൾപ്പെടുന്നു. നാം സ്നാനമേൽക്കുമ്പോൾ ദൈവത്തോടുള്ള തെറ്റായ ബന്ധം ശരിയാക്കി എടുക്കുകയാണെന്നു നാം മനസ്സിലാക്കണം. ഈ മനസ്സിലാക്കൽ കൂടാതെ യേശുവിന്റെ രക്തത്തിൽ വിശ്വസിക്കുക പ്രയാസമാണ്, നമ്മുടെ പാപങ്ങളെ നീക്കുവാൻ അവനാണ് പ്രായശ്ചിത്തമായി തീർന്നതു (റോമർ 3:25). അതുകൊണ്ടു, നാം പാപമോചനത്തിനു സ്നാനം ഏല്ക്കുമ്പോൾ, യേശുവിന്റെ ശുദ്ധീകരിക്കുന്ന രക്തത്തിൽ വിശ്വാസം വരേണ്ടതു ആവശ്യമാണ്.

സുവിശേഷം പ്രസംഗിക്കുമ്പോൾ യേശുവിന്റെ പ്രസ്താവനയിൽ ഈ സത്യം ഉൾപ്പെടുത്തിയിരിക്കുന്നു, “വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” (മർക്കൊസ് 16:16). സുവിശേഷം എന്നതു “ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം, മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു” എന്നതാണ് (1 കൊരിന്ത്യർ 15:3, 4). രണ്ടു അയോറിസ്റ്റ് പാർട്ടിസിപ്പിളിന്റേയും ഒരു ഗ്രീക്ക് ആർട്ടിക്കിളിന്റെയും ഉപയോഗം (“വിശ്വസിക്കുകയും” “സ്നാനം ഏല്ക്കുകയും”) സൂചിപ്പിക്കുന്നതു രണ്ടും ഒരേ സമയത്തു നടക്കേണ്ട പ്രവൃത്തികൾ ആണെന്നാണ്. ഇതു മനസ്സിൽ വെച്ചുകൊണ്ടു, ഒരാൾ സ്നാനമേൽക്കുമ്പോൾ യേശുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കണം എന്നു അവന്റെ പ്രസ്താവന തെളിയിക്കുന്നു - അതായതു യേശുവാണ് അയാളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചത് - എന്നു സ്നാനപ്പെടുമ്പോൾ വിശ്വസിക്കണം.

കൂടാതെ, സ്നാനശേഷം - പുതിയ ജീവൻ വരുന്നു എന്നും മനസ്സിലാക്കണം (“സി” യിൽ പറഞ്ഞിരിക്കുന്നു). ആത്മിയ ബന്ധം കൂടാതെയുള്ള സ്നാനം ജീവന്റെ പുതുക്കം വരുത്തുന്നില്ല. നാം സ്നാനപ്പെടുമ്പോൾ യേശുവിന്റെ അടക്കത്തോടും ഉയിർത്തെഴുന്നേല്പിനോടും ആത്മിയമായി ബന്ധപ്പെടുന്നതിന്റെ ഫലമാണ് ജീവന്റെ പുതുക്കം. “ഒരാളുടെ ജീവിതത്തിന്റെ മാറ്റം” എന്ന വിഷയത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം ഈ ഒരു ആശയത്തിൽ അടങ്ങിയിരിക്കുന്നു: പാപമോചനത്തിനും യേശുവിനെ അനുഗമിക്കുവാൻ സമർപ്പിക്കപ്പെട്ട ഒരു പുതിയ ജീവിതവും ഉണ്ടാകുവാൻ നാം സ്നാനപ്പെടുമ്പോൾ, നമ്മുടെ പഴയ മനുഷ്യനെ വിട്ടു കളയണം.

രക്ഷിക്കപ്പെട്ടവർക്കുള്ള എല്ലാ അനുഗ്രഹങ്ങളെയും നാം ഒരിക്കലും

അറിയുകയോ മനസ്സിലാക്കുകയോ ഇല്ലായിരിക്കാം. നാം ദൈവത്തോടുള്ള തെറ്റായ ബന്ധം ശരിയാക്കുന്നതിനും യേശുവിനെ അനുഗമിക്കുവാൻ പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുവാനുമായി സ്നാനമേല്ക്കുമ്പോൾ എണ്ണമറ്റ അനുഗ്രഹങ്ങൾ നമുക്കു ലഭിക്കും. അവയിൽ പലതും ("ഡി" വിഭാഗത്തിൽ പറഞ്ഞിട്ടുള്ളതു) നാം തുടർന്നും ക്രിസ്തീയ ജീവിതം നയിക്കേണ്ടതിനാണ്.

സ്നാനത്തെ ഒരു വിവാഹമായി താരതമ്യം ചെയ്യണം. ഒരാൾ വിവാഹം കഴിക്കുവാൻ, രാജ്യത്തെ നിയമം ആവശ്യപ്പെടുന്നതു എന്ത് എന്നു മനസ്സിലാക്കണം. വിവാഹത്തിന്റെ ചില അനുഗ്രഹങ്ങളും ഗുണങ്ങളും മനസ്സിലാക്കണം, പക്ഷെ ഇതിലും എല്ലാം മനസ്സിലാക്കേണ്ട ആവശ്യമില്ല. വിവാഹാഘോഷം കഴിഞ്ഞു വർഷങ്ങൾ കഴിഞ്ഞായിരിക്കാം പുറമെയുള്ള അനുഗ്രഹങ്ങൾ കണ്ടെത്തുന്നത്.

അതു സ്നാനത്തിലും വാസ്തവമാണ്: പാപം ക്ഷമിച്ചു കിട്ടേണ്ട ആവശ്യം നാം മനസ്സിലാക്കുകയും വിശ്വസിക്കുകയും വേണം. രക്ഷിക്കപ്പെടുന്നവരിൽ ചിലർ അനുഭവിക്കുന്ന ചില അനുഗ്രഹങ്ങൾ നമുക്ക് അറിയാവുന്നതുകൊണ്ടാണ് നാം സ്നാനം ഏല്ക്കുന്നത്, എന്നാൽ സ്നാനം ഏല്ക്കുമ്പോൾ എല്ലാ ക്രിസ്തീയ അനുഗ്രഹങ്ങളും അറിഞ്ഞിരിക്കേണ്ട ആവശ്യമില്ല. (നോക്കുക ഈ പുസ്തകത്തിലെ "ജ്ഞാനം, വിശ്വാസം, സ്നാനത്തിൽ തീരുമാനിക്കുന്നതും," എന്ന പാഠം.)

പ്രവൃത്തികൾ 2:38 ലെ *എയിസ്* (ഒരു ഗ്രീക്ക് വാക്കിന്റെ അക്ഷരിക അർത്ഥം "ലേക്ക്") തർജ്ജിമ ചെയ്തിരിക്കുന്നതു "വേണ്ടി." പ്രവൃത്തികൾ 19:5-ൽ അതേ വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതു "ഇൻ." സ്നാനപ്പെടുമ്പോൾ "വേണ്ടി" (ഗ്രീക്ക്.: *എയിസ്*) പാപങ്ങളുടെ മോചനത്തിനു എന്നതു, "പാപമോചനം" എന്നു നാം മനസ്സിലാക്കണം. അതുപോലെ, തന്നെ "ഇൻ" എന്നതും (ഗ്രീക്ക്.: *എയിസ്*) നാം സ്നാനമേല്ക്കുന്നതു അങ്ങനെ മനസ്സിലാക്കിയിട്ടാകണം. യേശുവിന്റെ നാമത്തിലല്ലാതെ മറ്റൊരു നാമത്തിലാണ് സ്നാനമേല്ക്കേണ്ടതെന്നു നാം വിശ്വസിച്ചാൽ, ആ സ്നാനത്തിനു വിലയില്ല - കാരണം മറ്റൊരു നാമത്തിലും നമുക്കു രക്ഷയില്ല (പ്രവൃത്തികൾ 4:12). *എയിസ്* എന്ന വാക്ക് ഉപയോഗിച്ചതിലെ അന്തർലീനമായ അർത്ഥം മനസ്സിലാക്കുകയും സ്വീകരിക്കയും ചെയ്യുന്നതുപോലെ നാം സ്നാനമേല്ക്കുന്നതു ആരിലേക്കാണെന്നും മനസ്സിലാക്കണം, നാം സ്നാനമേല്ക്കുന്നതു പാപമോചനത്തിനാണെന്നും മനസ്സിലാക്കണം. യേശുവിന്റെ നാമമല്ലാതെ മറ്റൊരു നാമത്തിൽ സ്നാനമേല്ക്കുന്നതു തെറ്റായിരിക്കുന്നതുപോലെ സ്നാനം പാപമോചനത്തിനല്ലാതെ മറ്റൊരു കാരണത്തിനു ഏല്ക്കുന്നതും തെറ്റാണ്.

---

കുറിപ്പ്

[1]റോമർ 10:9 ലെ "ഏറ്റുപറച്ചലും" "വിശ്വസിക്കലും" മൂലഗ്രന്ഥത്തിൽ അയോ

റിസ്റ്റ് സബ്ജങ്റ്റിവ് ആണ്. സബ്ജങ്റ്റിവ് എന്നുപറഞ്ഞാൽ ഇവ നിബന്ധനയോടുകൂടിയതാണ്; അയോറിസ്റ്റിന്റെ അർത്ഥം അവ ഒരു - സമയ സംഭവങ്ങളാണ്, അല്ലാതെ തുടർ പ്രവൃത്തികളല്ല. യേശുവിനെ മറ്റുള്ളവരോട് ഏറ്റുപറയേണ്ടത് ക്രിസ്ത്യാനിയായി തീർന്നശേഷം ആണെന്നല്ല പൗലൊസ് എഴുതിയത്, എന്നാൽ ക്രിസ്ത്യാനി ആകുമ്പോൾ നടത്തേണ്ട ഏറ്റുപറച്ചൽ ആണ്. ഈ ഏറ്റുപറച്ചൽ ക്രിസ്ത്യാനികൾ തുടർന്ന് ചെയ്യേണ്ടതായിരുന്നുവെങ്കിൽ, വർത്തമാനകാലം ഉപയോഗിക്കുമായിരുന്നു. ക്രിസ്ത്യാനികൾ ദിനംപ്രതി യേശുവിനെ ഏറ്റുപറയേണ്ടതാണ്, എന്നാൽ അത് രക്ഷക്കുവേണ്ടിയല്ല.

© 2009 Truth for Today